# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1329** — **30.01.2018-ന് മറുപടിയ്ക്ക്**

## കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾക്ക് സ്കൂളിന് ഭരണാനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മികവിന്റെ കേന്ദ്രങ്ങളിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന 5 കോടി രൂപയുടെ പ്രവൃത്തിചെയ്യുന്നതിന് എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദ വിവരം നൽകുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ള 138 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമായിട്ടുണ്ട്. |
| (ബി) കോങ്ങാട് മണ്ഡലത്തിൽ എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദ വിവരം നൽകുമോ; | (ബി) കോങ്ങാട് നിയോജക മണ്ഡലത്തിൽ നിന്നും പത്തിരിപ്പാല ഗവ.വി.എച്ച്.എസ്.എസിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 5.02 കോടി (അഞ്ചുകോടി രണ്ടുലക്ഷം) രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ഏത് ഏജൻസിയെയാണ് ഇതിന്റെ വർക്കിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ; | (സി) പ്രസ്തുത സ്കൂളിന്റെ പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസിനെ' തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

(ഡി) ഈ വർക്കുകൾ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

(ഡി) 2018 ജനുവരി 25-ഓടെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ച് മദ്ധ്യവേനലവധിക്കാലം പൂർണ്ണമായും നിർമ്മാണത്തിന് ഉപയോഗിക്കുക എന്ന ലക്ഷ്യം മുന്നിൽകണ്ട് മാർച്ച് ആദ്യവാരം ടെൻഡർ നടപടികൾ പൂർത്തീകരിച്ച്, തെരഞ്ഞെടുക്കപ്പെടുന്ന കോൺട്രാക്ടർമാർക്ക് നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ മാർച്ച് മദ്ധ്യത്തോടെ ആരംഭിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ